## ഉത്തരം

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ഒരു താലൂക്കാശുപത്രി (താലൂക്കാശുപത്രി, പീരുമേട്)-യും 6 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും (വണ്ടിപ്പെരിയാർ, ഉപ്പുതറ, ഏലപ്പാറ, പെരുവന്താനം, കുമിളി, കൊക്കയാർ) പ്രവർത്തിച്ചുവരുന്നു. ഒരു സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ഓഫീസും പീരുമേട്ടിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പീരുമേട് നിയോജകമണ്ഡലത്തിൽ അഞ്ച് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളും (1. കുരിളി, കുമിളി പഞ്ചായത്ത്, 2. മ്ലാമല, വണ്ടിപ്പെരിയാർ പഞ്ചായത്ത്, 3. കരടിക്കുഴി, പീരുമേട് പഞ്ചായത്ത്, 4. പെരുവന്താനം, പെരുവന്താനം പഞ്ചായത്ത്, 5. കൊക്കയാർ, കൊക്കയാർ പഞ്ചായത്ത്), അഞ്ച് ഹോമിയോ ഡിസ്പെൻസറികളും (1. പെരുവന്താനം, 2. പീരുമേട്, 3. ഉപ്പുതറ, 4. കൊക്കയാർ എന്നീ പഞ്ചായത്തുകളിലായി) പ്രവർത്തിക്കുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) അടുത്തകാലംവരെ നിലനിന്ന നിയമന നിരോധനം, പി.എസ്.സി. ലിസ്റ്റിന്റെ അഭാവം, നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവം എന്നീ കാരണങ്ങൾ കൊണ്ടാണ് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താതിരുന്നത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇത് സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഫാമിലി വെൽഫെയർ പദ്ധതികൾക്കായി 2003-04 വർഷത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം അനുവദിച്ച തുക

158 [836] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനത്ത് ഫാമിലി വെൽഫെയർ പദ്ധതികൾക്കായി 2003-04 വർഷത്തിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക ചെലവഴിക്കേണ്ട ഇനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഓരോ ഇനത്തിലും ചെലവഴിച്ചതിന്റെ ട്രഷറി ഹെഡ് ഓഫ് അക്കൗണ്ട്/ബാങ്ക് അക്കൗണ്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) 2003-04 വർഷത്തെ പദ്ധതി ആസൂത്രണങ്ങൾ അനുസരിച്ചുതന്നെയാണ് പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6076.96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി, സി) പ്രധാനമായും 9 ഇനങ്ങൾക്കായാണ് ഈ തുക ചെലവഴിക്കുന്നത്. അവ ചുവടെപ്പറയും പ്രകാരമാണ്:

| | | തുക ലക്ഷത്തിൽ |
|---|---|---|
| (i) | ഭരണവും നടത്തിപ്പും<br>2211-എഫ് ഡബ്ല്യു-00-001 | 771.00 |
| (ii) | പരിശീലനം<br>2211-എഫ് ഡബ്ല്യു-00-003 | 235.00 |
| (iii) | ഗ്രാമീണ കുടുംബ ക്ഷേമ പ്രവർത്തനങ്ങൾ<br>2211-എഫ് ഡബ്ല്യു-00-101 | 61.00 |
| (iv) | മാതൃശിശു സംരക്ഷണം<br>2211-എഫ് ഡബ്ല്യു-00-103 | 4376.96 |
| (v) | ട്രാൻസ്പോർട്ട്<br>2211-എഫ് ഡബ്ല്യു-00-104 | 53.00 |
| (vi) | പ്രതിഫലം<br>2211-എഫ് ഡബ്ല്യു-00-105 | 572.00 |
| (vii) | സാമൂഹ്യവിദ്യാഭ്യാസം<br>2211-എഫ് ഡബ്ല്യു-00-106 | .. |
| (viii) | മറ്റു സേവനങ്ങളും വിതരണങ്ങളും<br>2211-എഫ് ഡബ്ല്യു-00-200 | .. |
| (ix) | മറ്റു ചെലവുകൾ<br>2211-എഫ് ഡബ്ല്യു-00-800 | 8.00 |
| | ആകെ | 6076.96 |

(ഡി) ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഇ) 9 മൈനർ ഹെഡ്ഡിലും 26 സബ് ഹെഡ്ഡിലുമായി ഇതിനോടകം 67 കോടി രൂപ (ഡിസംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ പ്രകാരം അധികം ചെലവാക്കുന്ന തുക അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റീ-ഇംബേഴ്സ് ചെയ്ത് കിട്ടുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly